## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*568** | **27.03.2018 ൽ മറുപടിയ്ക്ക്**

## കുരുമുളക് കർഷകരെ രക്ഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് വൻതോതിൽ കുരുമുളക് ഇറക്കുമതി ചെയ്ത് ഉത്പാദന കേന്ദ്രങ്ങളിൽ സ്റ്റോക്ക് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകൾ നിലവിലുള്ളതിനാൽ കുരുമുളക് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. |
| ബി) ഇങ്ങനെ മതിയായ രേഖകളില്ലാതെ സ്റ്റോക്ക് ചെയ്യപ്പെട്ട കുരുമുളക് ഇന്ത്യൻ കുരുമുളകുമായി ചേർത്ത് വില്പന നടത്താനാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) ഇറക്കുമതി ചെയ്യപ്പെടുന്ന ഗുണനിലവാരം കുറഞ്ഞ കുരുമുളക് ഇന്ത്യൻ കുരുമുളകുമായി ചേർത്ത് വിൽപന നടത്തുവാനുള്ള സാധ്യത നിലനിൽക്കുന്നു. |
| സി) ഇത്തരം കുരുമുളക് വിൽപ്പന നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് കൃഷിവകുപ്പ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | സി) അഡ്വാൻസ് ഓതറൈസേഷൻ പദ്ധതി ദുരുപയോഗം ചെയ്ത് കുരുമുളക് ഇറക്കുമതി നടത്തുന്നത് തടയണം എന്ന് കേന്ദ്ര വാണിജ്യകാര്യ മന്ത്രിയെ കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം 22/02/2018- ൽ നേരിട്ട് കണ്ട് ഇക്കാര്യം ഉന്നയിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് 21/03/2018 തീയതിയിലെ DGFF Notification No. 53/2015-2020 പ്രകാരം കുരുമുളകിന്റെ ഇറക്കുമതി നയം "Free" എന്ന |

വകഭേദത്തിൽ നിന്നും "Prohibited" എന്ന വകഭേദത്തിലേക്ക് മാറ്റുകയും ചെയ്തു. ഇപ്പോൾ "Prohibited" എന്ന വകഭേദത്തിൽ പെടുന്ന കുരുമുളക് വിദേശ രാജ്യങ്ങളിൽ നിന്ന് 500/- രൂപയിൽ കുറഞ്ഞ് ഇറക്കുമതി സാധ്യമല്ല.

ഡി) കൃഷി വകുപ്പ് അഗ് മാർക്ക് ലാബിലെ അസിസ്റ്റന്റ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, ഭക്ഷ്യ സുരക്ഷ വിഭാഗം എന്നിവയുടെ സഹായത്തോടെ വ്യാപകമായ റെയ്ഡ് നടത്തി കേരളത്തിലെ കുരുമുളക് കർഷകരെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**